# യാക്കോബായ വിഭാഗം സത്യം വളച്ചൊടിക്കുന്നു

മലങ്കര വർഗ്ഗീസ് കൊലപാതകവുമായി ബന്ധപ്പെട്ട് തങ്ങളെ അപകീർത്തിപ്പെടുത്തുവാൻ ഓർത്തഡോക്സ് സഭാ നേതൃത്വം ശ്രമിച്ചു വരികയാണെന്ന പാത്രിയർക്കിസ് വിഭാഗത്തിന്റെ കുറ്റപ്പെടുത്തൽ തികച്ചും അപഹാസ്യമാണ്. കൊലപാതകവുമായി സഭാ നേതൃത്വത്തിലെ ഉന്നതർക്കുള്ള പങ്കാളിത്തവും ബന്ധവും അടിക്കടിയുണ്ടായ ഇടപെടലുകളും ഇന്ത്യയിലെ പരമോന്നത അന്വേഷണ ഏജൻസി നടത്തിയ അന്വേഷണത്തിലൂടെ ഇപ്പോൾ ഭാഗീകമായിയെങ്കിലും പുറത്തുവന്നിട്ടുണ്ട്. സമാധാനത്തിനായി നിലകൊള്ളുന്നുവെന്ന് അവകാശപ്പെടുന്ന ഇവർ, സഭാവിശ്വാസിയും തികഞ്ഞ മനുഷ്യ സ്നേഹിയുമായ വർഗ്ഗീസിനെ കൊലപ്പെടുത്താൻ വാടക കൊലയാളികളെ ഏർപ്പെടുത്തിയതും, പൊതു ജനങ്ങളിൽ നിന്ന് പിരിച്ച പണം അതിനു വേണ്ടി ചെലവഴിച്ചതും എന്തിനാണെന്ന് ഇനിയെങ്കിലും ഏറ്റുപറയുവാനുള്ള ആർജ്ജവം കാണിക്കണം. ഇരുപത് വർഷക്കാലം ശ്രേഷ്ഠ കാതോലിക്ക ബാവായുടെ മാനേജരായി ജോലി ചെയ്തു പോരുന്ന ഫാ.വർഗ്ഗീസ് തെക്കേകര ഈ കൊലപാതകത്തിന്റെ ചുമതല തനിക്കു മാത്രമാണെന്ന് സമ്മതിക്കുന്നത് യജമാനനോടുള്ള കൂറ് തെളിയിക്കുവാനാണോ, അതോ മറ്റാരെയെങ്കിലും രക്ഷിക്കുവാനാണോ എന്ന് കോടതി മുമ്പാകെ കൊണ്ടുവരുവാൻ പ്രതിജ്ഞാബദ്ധരായ മലങ്കര വർഗ്ഗീസിന്റെ വിധവയും നിരാലംബരായ മക്കളും ഇവിടെ ജീവിച്ചിരിക്കുന്നുണ്ടെന്ന് സമാധാന കാംഷികളെന്ന് അവകാശപ്പെടുന്ന യാക്കോബായ സഭാ നേതൃത്വം മറക്കരുത്. എല്ലാ മനുഷ്യസ്നേഹികളും വർഗ്ഗീസിന്റെ കുടുംബാംഗങ്ങളുടെ കണ്ണുനീരൊപ്പുവാൻ അണിനിരക്കുന്നതു കണ്ട് പരിഭ്രാന്തരായ യാക്കോബായ സഭാ നേതൃത്വത്തിന് ഇത്തരം പ്രസ്താവനകൾ ഇറക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ലാതെ വന്നിരിക്കുകയാണ്. അധികാര കേന്ദ്രങ്ങളോടുള്ള അടുപ്പം ദുരുപയോഗപ്പെടുത്തി ബോംബെ അധോലോകത്തെപ്പോലും നാണിപ്പിക്കുന്ന രീതിയിൽ അറും കൊല നടത്തുവാൻ വാടക കൊലയാളികളെ ഏർപ്പെടുത്തിയ യാക്കോബായ സഭാ നേതൃത്വം ഇനിയെങ്കിലും സ്വന്തം തെറ്റ് തിരിച്ചറിഞ്ഞ് കുറ്റവാളികളായ പുരോഹിതരെ, അവർ എത്ര ഉന്നതരായാലും, കൈയാമം വെപ്പിക്കുവാൻ സന്നദ്ധരാകണം. യൂത്ത് അസ്സോസിയേഷൻ ഭാരവാഹിയായ ബിനുവിന്റെ മരണകാരണം സമഗ്രമായി അന്വേഷിക്കണമെന്നത് വധിക്കപ്പെട്ട വർഗ്ഗീസിന്റെയും അഭിലാഷമായിരുന്നു. വാഹനാപകടമെന്ന നിലയിൽ വിചാരണ പൂർത്തിയാക്കി പ്രതിയെ കുറ്റ വിമുക്തനാക്കിയ കേസിനെ സംബന്ധിച്ച് നാളിതുവരെ അഭിപ്രായമൊന്നും പറയാതിരുന്ന യാക്കോബായ സഭ, തങ്ങൾക്കെതിരെ സി.ബി.ഐ തെളിവുകൾ നിരത്തി കോടതിയിൽ സമർപ്പിച്ചപ്പോൾ മാനം രക്ഷിക്കുവാൻ വേണ്ടി നടത്തുന്ന പ്രസ്താവനകൾ വെറും വങ്കത്തരമാണ്.

ഇടയനാൽ മത്തായി കോർ-എപ്പിസ്കോപ്പ
(ആക്ഷൻ കൌൺസിൽ കൺവീനർ)